LIBRARY ARCHIVES Kerala Legislative Assembly

സ്വകാര്യ ഭൂമി വനം വകുപ്പ് കൈവശപ്പെടുത്തിയതായ പരാതി

73 [2548] ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിൽപ്പെട്ട കാഞ്ഞിരങ്ങാട് വില്ലേജിൽ താമസിക്കുന്ന ജോർജ് കാഞ്ഞിരത്തിനാൽ എന്നയാൾ ജന്മം തീറാധാരമായി വാങ്ങിയ 12 ഏക്കർ സ്ഥലം വനം വകുപ്പ് കൈവശപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഭൂമി ഇദ്ദേഹത്തിന് ലഭിക്കാതിരിക്കുന്നതിന് എന്തെങ്കിലും നിയമ തടസ്സങ്ങൾ ഇപ്പോൾ നിലനിൽക്കുന്നുണ്ടോ; എങ്കിൽ അവ ഏതെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത പരാതി വിശദമായി പരിശോധിക്കുകയും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ടി പരാതിയിലുള്ള ആവശ്യങ്ങൾ അനുവദിക്കാൻ പറ്റിയവയല്ല എന്നു തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത ഭൂമിയിൽ അവകാശം ഉന്നയിച്ച് ശ്രീ. ജോർജ്ജ് ബഹുമാനപ്പെട്ട ഫോറസ്റ്റ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത കേസ് നമ്പർ ഒ.എ.356/76-ലെ തീരുമാനപ്രകാരവും ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത ഒ.പി.നമ്പർ 1489/95-ലെ വിധിപ്രകാരവും ടിയാന് സർക്കാർ കൈവശത്തിലുള്ളതും നിക്ഷിപ്ത വനമായി സംരക്ഷിക്കപ്പെട്ടതുമായ ഭൂപ്രദേശം വിട്ടുകൊടുക്കുവാൻ നിയമപരമായി സാധ്യമല്ല. ഈ വിവരങ്ങൾ ഉൾപ്പെടുത്തി 9-6-99 -ലെ സർക്കാർ കത്ത് നമ്പർ 1489/ഇ2/99/വനം പ്രകാരം ശ്രീ. കെ.റ്റി. ജോർജിന് വളരെ വിശദമായ മറുപടിയും നൽകിയിട്ടുള്ളതാണ്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. †

ഗാന്ധി സ്മൃതിവനം

74 [2549] ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ നിർമ്മിക്കുവാനുദ്ദേശിക്കുന്ന ഗാന്ധി സ്മൃതിവനം പദ്ധതി പ്രവർത്തനങ്ങൾ ഏതുവരെയായി എന്നു വ്യക്തമാക്കുമോ;

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസ്തുത പദ്ധതിക്ക് ആവശ്യമായ സ്ഥലം മുഴുവൻ ഏറ്റെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതു ഏറ്റെടുക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ആലപ്പുഴ ജില്ലയിൽ 600 ഏക്കർ സ്ഥലത്ത് രാഷ്ട്രപിതാവിന്റെ സ്മരണയ്ക്കായി ഒരു സ്മൃതിവനം നിർമ്മിക്കാനായി 410.95 ഏക്കർ സ്ഥലം സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. ഏറ്റെടുത്ത ഭാഗം വെള്ളക്കെട്ടാണ്. അതുകൊണ്ട് കുറെ ഭാഗമെങ്കിലും മണ്ണിട്ടു നികത്തുകയോ കരഭൂമി കുറെയെങ്കിലും ഏറ്റെടുക്കുകയോ ചെയ്താലേ ജോലികൾ ആരംഭിക്കാൻ കഴിയൂ. 66.66 ഹെക്ടർ സ്ഥലം കൂടി ഇനിയും ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. മാത്രമല്ല ടി സ്ഥലത്തിന്റെ ഒറിജിനൽ അക്വിസിഷൻ നോട്ടിഫിക്കേഷൻ കാലഹരണപ്പെട്ടതിനാൽ സ്ഥലം അക്വയർ ചെയ്യുന്നതിന് പുതിയതായി റിക്വിസിഷൻ ഉത്തരവ് വേണ്ടിയിരിക്കുന്നു. പുതിയ സ്ഥലം ഏറ്റെടുക്കുന്നതിന് ആവശ്യമായ തുക ആലപ്പുഴ ജില്ലാകളക്ടറുടെ കൈവശം ലഭ്യമല്ല. എന്നാൽ അഗസ്ത്യവനം ബയോളജിക്കൽ പാർക്കിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് വനം വകുപ്പിന്റെ വകയായി 45 ലക്ഷം രൂപ 1992 മുതൽ തിരുവനന്തപുരം ജില്ലാ കളക്ടറുടെ കൈവശമുണ്ട്. ഈ തുക ആലപ്പുഴ ജില്ലാ കളക്ടർക്ക് കൈമാറ്റം ചെയ്യുന്നതിനുള്ള നടപടികൾ സർക്കാർ പരിഗണനയിലാണ്.

(സി) മേൽപ്പറഞ്ഞ കാര്യത്തിൽ അന്തിമ തീരുമാനമാകുന്ന മുറയ്ക്ക് തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്.

കണ്ടൽ ചെടികളുടെ വ്യാപനത്തിനായുള്ള കേന്ദ്ര സഹായം

75 [2550] ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ടൽചെടികളുടെ വ്യാപനത്തിനായി കേന്ദ്രസഹായം ലഭിക്കുന്നുണ്ടോ;

(ബി) ഇതിനായി എന്തെങ്കിലും പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) കണ്ടൽചെടികളുടെ വ്യാപനത്തിനായി 2004-2005 വർഷത്തിൽ കേന്ദ്രസഹായം ഒന്നും ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly